**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 661** **02-02-2023 - ൽ മറുപടിയ്ക്ക്**

**രാമച്ച കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ.കെ. അക്ബർ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | രാമച്ച കൃഷി പ്രോത്സാഹനത്തിനായി വ്യവസായ വകുപ്പ് ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | രാമച്ച കൃഷി പ്രോത്സാഹനത്തിനായി വ്യവസായ വകുപ്പ് പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. |
| (ബി) | രാമച്ച കൃഷി വ്യാപകമായി നടക്കുന്ന ഗുരുവായൂർ മണ്ഡലത്തിൽ രാമച്ചത്തിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ വിഭാഗത്തിൽപ്പെടുന്നതും രാമച്ചത്തിൽനിന്നും മൂല്യ വർദ്ധിത ഉത്പന്നങ്ങൾ തയ്യാറാക്കുന്നതുമായ സംരംഭങ്ങൾക്ക് വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി, സൂക്ഷ്മ ഭക്ഷ്യ-സംസ്കരണ മേഖലയ്ക്കുള്ള പ്രൈം മിനിസ്റ്റേഴ്സ് ഫോർമലൈസേഷൻ ഓഫ് മൈക്രോ എന്റർപ്രൈസസ് തുടങ്ങിയ പദ്ധതികൾ ഉപയോഗപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ